Mathrubhumi 03.11.17

വൈസ് ചാൻസലർമാരില്ല

# അഞ്ച് സർവകലാശാലകളിൽ 'ഇൻ ചാർജ്' ഭരണം

**തൃശ്ശൂർ:** സംസ്ഥാനത്തെ അഞ്ച് സർവകലാശാലകളിൽ ഇൻ ചാർജ് വൈസ് ചാൻസലർമാരുടെ ഭരണം. മിക്കയിടത്തും ഐ.എ.എസുകാർക്കാണ് ചുമതല.

കാർഷിക, മലയാളം സർവകലാശാലകളിൽ ഈയിടെയാണ് വൈസ് ചാൻസലർമാരുടെ ഒഴിവ് വന്നത്. സർക്കാർ സമയത്ത് തീരുമാനമെടുക്കാത്തതും തർക്കങ്ങളുമാണ് വെറ്ററിനറി, സംസ്കൃതം, കേരള കലാമണ്ഡലം (കല്പിതം) എന്നിവയിൽ നിയമനം നീളാൻ കാരണം.

നയപരമായ തീരുമാനങ്ങളെടുക്കാൻ താത്കാലിക വി.സി.മാർ തയ്യാറാകുന്നില്ല. ഭാവിയിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമോയെന്ന ആശങ്ക മൂലമാണിത്. തലസ്ഥാനത്തുനിന്ന് വല്ലപ്പോഴും സർവകലാശാലയിൽ വന്നുപോകുന്ന ഉദ്യോഗസ്ഥർക്ക്, സ്ഥാപനത്തിന്റെ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധയില്ലെന്നാണ് ആക്ഷേപം.

ഡോ. പി. രാജേന്ദ്രൻ വിരമിച്ചതോടെയാണ് തൃശ്ശൂർ ആസ്ഥാനമായ കാർഷിക സർവകലാശാലയിൽ ഒഴിവ് വന്നത്. സേർച്ച് കമ്മിറ്റിയായെങ്കിലും പട്ടിക അംഗീകരിച്ച് ഗവർണറുടെ തീരുമാനം വരുമ്പോഴേക്കും മാസങ്ങളെടുക്കും. ഇപ്പോൾ കാർഷികോത്പാദന കമ്മിഷണർ ടിക്കാറാം മീണയ്ക്കാണ് ചുമതല.

### വൈകില്ല

കാർഷിക, വെറ്ററിനറി സർവകലാശാലകളിൽ വൈസ് ചാൻസലർ നിയമനങ്ങൾ വൈകില്ല. ഇതിനുള്ള നടപടികൾ തുടരുകയാണ്. കാർഷിക സർവകലാശാലയിൽ സേർച്ച് കമ്മിറ്റിയായി. വെറ്ററിനറിയുടെ കാര്യത്തിൽ കോടതിയിലുള്ള സ്റ്റേ മാറ്റാൻ ശ്രമിക്കുന്നു.

*-വി.എസ്. സുനിൽകുമാർ, കൃഷിമന്ത്രി*

### വൈകുന്നത് സാങ്കേതികം

കാലടിയിൽ വി.സി. നിയമനത്തിന് സാധാരണ ഉണ്ടാകാറുള്ള സാങ്കേതികതാമസം മാത്രമാണുള്ളത്. മലയാള സർവകലാശാലയിൽ ഒഴിവ് വന്നത് കഴിഞ്ഞ ദിവസമാണ്. രണ്ടിടത്തും നിയമനം വൈകില്ല.

*-പ്രൊഫ. സി. രവീന്ദ്രനാഥ്, വിദ്യാഭ്യാസമന്ത്രി*

തിരൂരിലുള്ള മലയാളം സർവകലാശാലയിൽ കെ. ജയകുമാർ ഒഴിഞ്ഞപ്പോൾ ഉഷാ ടൈറ്റസിനെ നിയമിച്ചത് അടുത്തിടെയാണ്. ഇവിടെയും ഇപ്പോഴത്തെ നിലയിൽ പുതിയ നിയമനം വൈകും.

കാലടിയിൽ നാലുമാസമായി പ്രൊ വൈസ് ചാൻസലർക്കാണ് ചുമതല. ആദ്യം പാനലിൽ ഇടംപിടിച്ച രാഷ്ട്രീയക്കാർക്ക് പകരം അക്കാദമിക് വിദഗ്ധർ അല്ലേ വേണ്ടതെന്ന ചാൻസലർ കൂടിയായ ഗവർണറുടെ പരാമർശത്തെത്തുടർന്ന് വീണ്ടും അപേക്ഷ വിളിച്ചിരിക്കുകയാണ്.

വെറ്ററിനറി സർവകലാശാലയിൽ യോഗ്യതാതർക്കം കോടതി കയറി. ഡോ. ബി. അശോക് ഒഴിഞ്ഞ 2015-നുശേഷം നിയമനത്തിന് പട്ടികയായതാണ്. മൃഗസംരക്ഷണവകുപ്പ് സെക്രട്ടറി അനിൽ സേവ്യറിനാണിപ്പോൾ ചുമതല. ചെറുതുരുത്തിയിലുള്ള കേരള കലാമണ്ഡലം 2007-ൽ കല്പിത സർവകലാശാലയായതാണ്. ഒരുതവണ മാത്രമാണ് സ്ഥിരം വി.സി. ഉണ്ടായത്. പിന്നീടെല്ലാം ചുമതലക്കാരുടെ ഭരണം. ഇപ്പോൾ സാംസ്കാരികവകുപ്പ് സെക്രട്ടറി റാണി ജോർജിനാണ് ചുമതല.